Draft #4 of File 31760/AC A7-2/2020/AC A 7 Approved by ASSISTANT REGISTRAR I (ACADEMIC) on 13-Jan-2021 04:13 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

അൺ എയ്ഡഡ് സെല്ഫ് ഫിനാൻസിങ് കോളേജുകൾ - 2020- 21 വർഷത്തെ എക്സ്റ്റൻഷൻ ഓഫ് അഫിലിയേഷൻ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 7 സെക്ഷൻ**

നമ്പർ. 280/AC A 7/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 14.01.2021

---

*പരാമർശം:*-1) സർവ്വകലാശാല ഉത്തരവ് നം :6378 / ACA 1 / 2019 / എം .ജി .യു തീയതി 12 .12 .2019

2) 05.01.2021-ലെ ബഹു.വൈസ്- ചാൻസിലറുടെ ഉത്തരവ്.

**ഉത്തരവ്**

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള അൺ എയ്ഡഡ് സ്വാശ്രയ കോളേജുകളിൽ നിന്നും ലഭിക്കുവാനുള്ള വിവിധയിനം ഫീസിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും, സർവകലാശാലയിലേക്ക് ലഭിക്കേണ്ട റവന്യൂ വരുമാനത്തിൽ കുറവുണ്ടാകാതിരിക്കാനായി കോളേജുകൾ വിവിധ സേവനങ്ങൾക്കായി സമർപ്പിക്കുന്ന അപേക്ഷകൾ, ഇന്റേണൽ ഓഡിറ്റ് വിഭാഗത്തിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയതിനു ശേഷം മാത്രമേ പരിഗണിക്കാൻ പാടുള്ളൂ എന്ന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇന്റേണൽ ഓഡിറ്റ് വിഭാഗം ഡിമാൻഡ് കളക്ഷൻ ബാലൻസ് സ്റ്റേറ്റ്മെന്റ് കോളേജുകളിൽ നിന്ന് ആവശ്യപ്പെടുകയും ആയത് പരിശോധിച്ചു വരുകയും ആണ്.

2020-21 വർഷത്തെ എക്സ്റ്റൻഷൻ ഓഫ് അഫിലിയേഷൻ ഉത്തരവുകൾ ഇന്റേണൽ ഓഡിറ്റ് വിഭാഗത്തിന്റെ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്ന കാരണത്താൽ മാത്രം പുറപ്പെടുവിക്കാതിരിക്കുന്നത് കോളേജുകൾക്കും വിദ്യാർഥികൾക്കും ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യത്തിൽ, ഇന്റേണൽ ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയിൽ കുടിശ്ശിക ഉള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് 15 ദിവസത്തിനുള്ളിൽ അടച്ച് തീർത്തു കൊള്ളാമെന്നുള്ള സത്യവാങ്മൂലം സ്വാശ്രയ കോളേജ് പ്രിൻസിപ്പാൾമാരിൽനിന്നും സ്വീകരിച്ച്, അതാത് കോളേജുകളുടെ എക്സ്റ്റൻഷൻ ഓഫ് അഫിലിയേഷൻ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം ബഹു. വൈസ്- ചാൻസിലർ ഉത്തരവായിരിക്കുന്നു.

**തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.**

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

പകർപ്പ്

1. വിവിധ സ്വാശ്രയ കോളേജുകൾ.
2. വി.സി, പി.വി.സി എന്നിവരുടെ പി.എസ്.
3. രജിസ്ട്രാർ/എഫ്.ഒ. /സി.ഇ. എന്നിവരുടെ പി.എ.
4.ജെ.ആർ2 (ഭരണ വിഭാഗം), ഡി.ആർ1, എ.ആർ1 (അക്കാദമിക്), ജെ.ആർ1 (പരീക്ഷ).
5. എ.സി.സി. (സിൻഡിക്കേറ്റ്) സെക്ഷൻ, എ.സി.ബി
6. പി.ആർ.ഒ/എൻക്വയറി.
7. കണ്ടന്റ് മാനെജ്മെന്റ് സെക്ഷൻ.

Draft #4 of File 31760/AC A7-2/2020/AC A 7 Approved by ASSISTANT REGISTRAR I (ACADEMIC) on 13-Jan-2021 04:13 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം